ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) മത്സ്യത്തൊഴിലാളികളുടെ ഋണബാദ്ധ്യതയെപ്പറ്റി പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല. എന്നാൽ 1990-ൽ നടത്തിയ ടെക്നോ സോഷ്യോ എക്ണോമിക് സർവ്വേയിൽ ഈ വിവരം ശേഖരിച്ചിട്ടുണ്ട്.

(ബി) മേൽസർവ്വേയനുസരിച്ച് കടം എടുത്തിട്ടുള്ളവരെ മാത്രം കണക്കാക്കിയാൽ പ്രതിശീർഷ കടം 624 രൂപയും ആകെ മത്സ്യത്തൊഴിലാളികളെ കണക്കാക്കിയാൽ 210 രൂപയും ആകുന്നു.

(സി)

1. ഹഡ്കോയിൽ നിന്നുള്ള വായ്പ ഉപയോഗിച്ച് മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് നൽകിയ ഭവന നിർമ്മാണ വായ്പയിൽ ശേഷിച്ച തുകയായ 13.70 ലക്ഷം രൂപ എഴുതിത്തള്ളുവാൻ തീരുമാനിച്ചിട്ടുണ്ട്.

2. മത്സ്യത്തൊഴിലാളികൾ നാളിതുവരെ എടുത്തിട്ടുള്ള ഭവന നിർമ്മാണ വായ്പയിന്മേൽ ഉണ്ടായിട്ടുള്ള കുടിശ്ശിക അടച്ചുതീർക്കുന്നവർക്ക് പിഴ പലിശ പൂർണ്ണമായും ഒഴിവാക്കികൊടുക്കും.

3. മത്സ്യഫെഡ് വഴി എൻ.സി.ഡി.സി. 1,11,111, ഐ.എഫ്.ഡി.പി.98, ഐ.എഫ്.ഡി.പി. ഇൻലാന്റ് എന്നീ പദ്ധതികൾവഴി മത്സ്യബന്ധനോപകരണങ്ങൾക്കുള്ള വായ്പയോ എൻ.സി.ബി.എഫ്.ഡി.ബി., എൽ.എം.ഡി.എഫ്.സി. വഴി 1998 വരെ സ്വയംതൊഴിലിനുള്ള വായ്പയോ ലഭിച്ചിട്ടുള്ളവർക്ക് പിഴപലിശ ഒഴിവാക്കികൊണ്ട് കുടിശ്ശിക തീർക്കുന്നതിന് വൺടൈം സെറ്റിൽമെന്റ് (ഒ.റ്റി.എസ്.) പദ്ധതി നടപ്പിലാക്കും.

ഇക്കോ കേരള പദ്ധതിപ്രകാരം ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഗ്രേഡിംഗ്

16 (*343) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ബാലറാം :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കോ കേരള പദ്ധതിപ്രകാരം ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഗ്രേഡിംഗ് ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ച് ഹോട്ടലുകളും റിസോർട്ടുകളും പരിശോധിക്കുന്നതാരാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഉണ്ട്.

(ബി) ഇക്കോ കേരള പദ്ധതിയിൽ ഹോട്ടലുകൾക്ക് അംഗത്വം ലഭിക്കുന്നതാണ്. ഹോട്ടലുകൾ നടപ്പിലാക്കിയിട്ടുള്ള പരിസ്ഥിതി പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മെമ്പർ, ക്ലബ് മെമ്പർ, ഡയമണ്ട് മെമ്പർ എന്നീ മൂന്നു തരത്തിലുള്ള അംഗത്വം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. അംഗത്വം ലഭിക്കുന്ന ഹോട്ടലുകൾക്ക് പരിസ്ഥിതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന് ആവശ്യമായി വന്ന മുതൽമുടക്കിന്റെ 15% പരമാവധി അഞ്ച് ലക്ഷം രൂപ സബ്സിഡിയായി ടൂറിസംവകുപ്പ് നൽകുന്നതാണ്.

(സി) ടൂറിസം രംഗത്തെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയാണ് പരിശോധിക്കുന്നത്.

കെ. എസ്. ഇ. ബി. യിലെ ആന്റി തെഫ്റ്റ് സ്ക്വാഡ്

17 (*344) ശ്രീ. അടൂർപ്രകാശ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി.യിലെ ആന്റി തെഫ്റ്റ് സ്ക്വാഡിന്റെ അംഗസംഖ്യയെത്ര എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർ ഏതെല്ലാം കേഡറുകളിൽപ്പെടുന്നു എന്നും ഇവർക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(സി) ഈ അധികാരം വിനിയോഗിക്കുന്ന കാര്യത്തിൽ അവർക്ക് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം കൊടുത്തിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ അനുവദിക്കപ്പെട്ട അംഗസംഖ്യ 89-ഉം നിലവിലുള്ള അംഗസംഖ്യ 75-ഉം ആണ്.

(ബി) ആന്റി പവർ തെഫ്റ്റ് സ്ക്വാഡിലെ അംഗങ്ങൾ താഴെപറയുന്ന കേഡറുകളിൽപ്പെടുന്നു.

കേഡർ	അനുവദിക്കപ്പെട്ട അംഗസംഖ്യ	നിലവിലുള്ള അംഗസംഖ്യ
(1)	(2)	(3)
1. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ	1	1
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ	3	2

LIBRARY ARCHIVES Kerala Legislative Assembly